മനോരമ - 10.11.2017

■ ഇയർ ഔട്ട് സമ്പ്രദായം പുതിയ കാര്യമല്ല; വിദ്യാഭ്യാസ നിലവാരം ഉറപ്പുവരുത്താനായി അതു നിലനിർത്തണം

# ഉറപ്പാക്കാം, മികവ്

**ഡോ. ആർ.വി.ജി. മേനോൻ**

കേരളത്തിലെ എൻജിനീയറിങ് കോളജുകളിലെ പുതിയ സമരത്തിനു കാരണം ഒന്നാം വർഷ പരീക്ഷകൾ മുഴുവനും പാസായില്ലെങ്കിൽ രണ്ടാം വർഷത്തിലേക്കു ക്ലാസ് കയറ്റം കൊടുക്കില്ല എന്ന ഇയർ ഔട്ട് സമ്പ്രദായമാണല്ലോ. ഇതിൽ ഇളവുകൾ അനുവദിക്കാൻ സാങ്കേതിക സർവകലാശാല തീരുമാനിച്ചതോടെ ചില വിദ്യാർഥി സംഘടനകൾ സമരത്തിൽ നിന്നു പിൻമാറിയെങ്കിലും ചിലർ തുടരുകയാണ്.

എന്നാൽ, നമ്മുടെ വിദ്യാഭ്യാസത്തിന്റെ നിലവാരത്തകർച്ചയെപ്പറ്റി വിമർശനങ്ങൾ ഉയരുന്ന ഇക്കാലത്ത് നിലനിർത്തേണ്ട സമ്പ്രദായമാണ് ഇയർ ഔട്ട്. പഠനനിലവാരം കാത്തുസൂക്ഷിക്കാൻ സഹായകമാണ് അത്. മറ്റൊന്ന്, ഇതു പുതിയ സാങ്കേതിക സർവകലാശാല കൊണ്ടുവന്ന എന്തോ പരിഷ്കാരമാണ് എന്നാണ് ഇപ്പോഴത്തെ കോലാഹലം കണ്ടാൽ തോന്നുക. അങ്ങനെയായിരിക്കും ചിലപ്പോൾ സമരം ചെയ്യുന്നവർ പറഞ്ഞു വിശ്വസിപ്പിച്ചിരിക്കുന്നത്.

എന്നാൽ സത്യം അതല്ല. കേരളത്തിലെ എൻജിനീയറിങ് വിദ്യാഭ്യാസം തുടങ്ങിയ കാലം മുതൽക്കു തന്നെ ഈ നിയമം ഉണ്ടായിരുന്നു. അന്നൊക്കെ മൂന്നു ചാൻസ് കൊണ്ട് ഒന്നാം വർഷ പരീക്ഷ പാസായില്ലെങ്കിൽ എൻജിനീയറിങ് ഉപേക്ഷിച്ചു വേറെ ഏതെങ്കിലും വിഷയം പഠിക്കാൻ പോകേണ്ടിവരുമായിരുന്നു. അന്ന് ഏതാണ്ട് പത്തു വിഷയങ്ങൾക്കു പരീക്ഷ ഉണ്ടായിരുന്നതിൽ എട്ടു വിഷയങ്ങൾ പാസായാൽ ക്ലാസ് കയറ്റം കിട്ടും. ബാക്കി അടുത്ത ചാൻസിൽ എഴുതി പാസായാൽ മതി. പിന്നീടു സെമസ്റ്റർ സമ്പ്രദായം വന്നപ്പോഴും പരീക്ഷകളുടെ ഫലമറിയാൻ കാലതാമസം ഉണ്ടായി. അപ്പോഴും മൂന്നാം സെമസ്റ്ററിലേക്കു സ്വാഭാവികമായി കയറ്റം കൊടുക്കും. പക്ഷേ, നാലു കഴിഞ്ഞ് അഞ്ചാം സെമസ്റ്ററിലേക്കു കടക്കണമെങ്കിൽ (അതായത് മൂന്നാം വർഷം) ഒന്നാം വർഷ പരീക്ഷ പാസായിരിക്കണം എന്നായി നിയമം.

കുറെക്കാലം കഴിഞ്ഞ് ഈ നിയമത്തിൽ ഒഴിവു കൊടുത്തു തുടങ്ങി. ക്ലാസ് കയറ്റം കൊടുക്കും, പക്ഷേ, അടുത്ത പരീക്ഷ എഴുതാൻ അനുവദിക്കില്ല. കുറെ വർഷങ്ങളിലായി ഇങ്ങനെ ഒഴിവു കൊടുത്തു കഴിഞ്ഞപ്പോഴേക്ക് ഒഴിവു കിട്ടുക എന്നത് അവകാശമാണ് എന്നായി വിദ്യാർഥികളുടെ ചിന്ത. നിയമം മാറ്റിയില്ല, പക്ഷേ, 'ഒഴിവ്' സാധാരണമായി. അങ്ങനെ വന്നപ്പോൾ ഒരു പരീക്ഷയും പാസാകാതെ നാലു വർഷത്തെ എൻജിനീയറിങ് പഠനം പൂർത്തിയാക്കാം എന്ന നില വന്നു. പലർക്കും നാലാം വർഷം കഴിയുമ്പോഴും പത്തും ഇരുപതും പേപ്പറുകൾ പാസാകാനുണ്ടാകും.

ഒരിക്കൽ ഞങ്ങൾ ഇതുപോലുള്ള വിദ്യാർഥികളുടെ ചരിത്രം പഠിക്കുകയുണ്ടായി. നാലിൽ കൂടുതൽ വിഷയങ്ങൾ പാസാകാനുണ്ടായിരുന്നവരിൽ വളരെ കുറച്ചു വിദ്യാർഥികൾ മാത്രമേ എന്നെങ്കിലും അവ പൂർത്തിയാക്കി ബിരുദം എടുക്കുന്നുള്ളൂ! അല്ലാത്തവരൊക്കെ എന്തു ചെയ്യുന്നു? പലരും ജോലി കിട്ടാതെ അലയുന്നു. ചിലർ പുതിയ കുട്ടികൾക്ക് തങ്ങൾക്കറിയാവുന്ന വിഷയങ്ങളിൽ ട്യൂഷനെടുത്തു ജീവിക്കുന്നു. ചിലരെങ്കിലും ബെംഗളൂരുവിലോ മറ്റോ




അലയുന്നു. ചിലർക്കു പണിസ്ഥലങ്ങളിൽ സൂപ്പർവൈസറായോ മറ്റോ തുച്ഛശമ്പളമുള്ള ജോലികൾ കിട്ടുന്നുണ്ട്. വലിയൊരു വ്യക്തിനഷ്ടം മാത്രമല്ല സാമൂഹിക നഷ്ടം കൂടിയാണ് ഇത് എന്നു പറയാതിരിക്കാൻ വയ്യ.

സാങ്കേതിക സർവകലാശാല ചെയ്ത ഒരു നല്ല കാര്യം പഴയ ഇയർ ഔട്ട് സമ്പ്രദായത്തെ കാലോചിതമായി പരിഷ്കരിച്ചു എന്നതാണ്. ഒന്നാം വർഷത്തിലെ പരീക്ഷകൾ പാസാകാതെ ബാക്കി കിടന്നാൽ രണ്ടാം വർഷത്തിലെ ക്ലാസും ശരിക്കു പഠിക്കാൻ കഴിയില്ല. മാത്രമല്ല, ഒന്നാം വർഷത്തിലെ ഗണിതം പോലുള്ള അടിസ്ഥാന വിഷയങ്ങൾ ഉറച്ചാലേ പിന്നീടുള്ള തിയറി വിഷയങ്ങൾ തലയിൽ കയറൂ. അതുകൊണ്ടു വിദ്യാഭ്യാസപരമായിത്തന്നെ ഇയർ ഔട്ട് അനിവാര്യമാണ്. തമിഴ്നാട്ടിലെ ചില സർവകലാശാലകൾ അതു നിർബന്ധിക്കുന്നില്ല എന്നു ചിലർ പറയുന്നു. പക്ഷേ, അശാസ്ത്രീയമായ കാര്യങ്ങൾ ആരെങ്കിലും ചെയ്യുന്നതുകൊണ്ടു നമ്മളും അനുകരിക്കണം എന്നില്ലല്ലോ.

വിദ്യാർഥികളെക്കാളും ഇയർ ഔട്ട് ഒഴിവാക്കാനായി ശക്തമായി വാദിക്കുന്നതു മാനേജ്മെന്റുകളാണ് എന്നതും പ്രസക്തമാണ്. നാലു കൊല്ലവും കുട്ടികൾ കോളജിൽ ഉണ്ടാകണം; ഫീസ് കൊടുക്കണം എന്നതിൽ മാത്രമേ അവർക്കു താൽപര്യമുള്ളൂ. അവർ പാസായാലും ഇല്ലെങ്കിലും മാനേജ്മെന്റിനു കുഴപ്പമില്ല. പക്ഷേ, വിദ്യാർഥികളുടെയും രക്ഷിതാക്കളുടെയും കാര്യം അങ്ങനെയല്ലല്ലോ. ഒന്നാം വർഷം കഴിഞ്ഞ് ഒരു കൊല്ലം നഷ്ടപ്പെട്ടാലും അതുമൂലം നാലിനു പകരം അഞ്ചു വർഷം കൊണ്ടു ബിരുദം കിട്ടും എന്നുണ്ടെങ്കിൽ അതല്ലേ അവർക്കു നല്ലത്? വളരെയധികം പണം ചെലവാക്കി നാലു കൊല്ലം പഠിച്ച് ഒടുവിൽ ഒന്നുമില്ലാതെ പോകുന്നത് അവർക്കും നാടിനും എത്ര നഷ്ടമാണ്?

**(കേരള ശാസ്ത്ര സാഹിത്യ പരിഷത്ത് മുൻ പ്രസിഡന്റും അനർട് മുൻ ഡയറക്ടറുമാണു ലേഖകൻ)**